**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717</u>** **<u>06-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഷൊർണ്ണൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കോതകുറിശ്ശിയിൽ ആരംഭിക്കാൻ തീരുമാനിച്ച 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് കോതകുറിശ്ശിയിൽ ഒരു പുതിയ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാങ്കേതിക പഠനം നടത്തി, ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതിക്ക് വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്-ന് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലം ആകെ 0.4587 ഹെക്ടർ (1 ഏക്കർ, 13 സെന്റ് സ്ഥലം) വിസ്തൃതിയുള്ളതാണ്. ഇതിൽ 0.3267 ഹെക്ടർ (80.38 സെന്റ്) സ്ഥലം റവന്യൂ വകുപ്പിന്റെയും ബാക്കിയുള്ള 0.132 ഹെക്ടർ (32.62 സെന്റ്) സ്ഥലം കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെയും (KPIP) കൈവശം ഉള്ളതാണ്. പ്രസ്തുത സ്ഥലങ്ങൾ ഈ പദ്ധതിക്ക് വേണ്ടി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പാലക്കാട് ജില്ലാ കളക്ടറുടെ കാര്യാലയത്തിലും ജലവിഭവ വകുപ്പിലും നടന്നു വരികയാണ്. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായാൽ ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുവാൻ കഴിയും. ഈ പദ്ധതി പ്രകാരം 110kV സബ്സ്റ്റേഷൻ കോതകുറുശ്ശി പൂർത്തീകരിച്ചാൽ ഷൊർണ്ണൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളായ വാണിയംകുളം, തൃക്കടീരി, ചളവറ, അനങ്ങനടി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ